I/121020/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/8448/2023-TM1 തീയതി :**13-08-2023**

സർക്കുലർ

വിഷയം:- മൂല്യ വർദ്ധിത കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം - കൃഷി വകുപ്പിന്റെ Keralagro ബ്രാന്റിൽ, കർഷകരുടെ / സംരംഭകരുടെ / കൃഷിക്കൂട്ടങ്ങളുടെ / F P O കളുടെ കാർഷികോൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം - അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) കൃഷി ഡയറക്ടറുടെ 15.03.2023 ലെ TM(1) 1166/2023നമ്പർ സർക്കുലർ

2) 09.06.2023 ൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംങിലെ തീരുമാനം.

3) 21-06-2023 ലെ സർക്കാർ ഉത്തരവ് നം. GO(Rt) 602/2023

കൃഷി വകുപ്പിന്റെ കേരളാഗ്രോ ബ്രാന്റിൽ ഓൺലൈൻ വിപണനത്തിന് താല്പര്യമുള്ള കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ / FPO കൾ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഓൺലൈൻ പ്രോഡക്ട് ചലഞ്ചിലൂടെ കണ്ടെത്തുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. അപ്രകാരം ടി സർക്കുലറിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ / FPOകൾ എന്നിവർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ കേരളാഗ്രോ ബ്രാൻഡിൽ on board ചെയ്യുന്നതിന് സൂചന (1) ന്റെ തുടർച്ചയായി അധിക മാർഗ്ഗ നിർദ്ദേങ്ങൾ താഴെ പറയും പ്രകാരം പുറപ്പെടുവിക്കുന്നു.

1. സൂചന (1 ) സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓൺലൈൻ പ്ലാറ്റ്ഫോമികളിൽ ഉല്പന്നങ്ങൾ on board ചെയ്യാൻ തയ്യാറായി കണ്ടെത്തിയ കർഷകർ /കർഷക ഗ്രൂപ്പുകൾ/ കൃഷിക്കൂട്ടങ്ങൾ/ F P O കൾ Seller Account തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം.

2. Seller Account തുടങ്ങുന്നതിന് കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ / FPO കൾക്ക് താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം.

a) e-mail

b) മൊബൈൽ നമ്പർ

I/121020/2023

c) GST രജിസ്ട്രേഷൻ

d) ഉല്പന്നങ്ങളുടെ ടാക്സ് (ശതമാനം)

e) പാൻ കാർഡ്

f) ഡിജിറ്റൽ ഒപ്പ്

g) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

h) ഉല്പന്നങ്ങളുടെ ഫോട്ടോ

I) ഉല്പന്നങ്ങളുടെ വിവരണം

J) സെൻട്രൽ FSSAI രജിസ്ട്രേഷൻ

3) Seller account ആരംഭിച്ചുകഴിഞ്ഞാൽ അടുത്തതായി ഉല്പന്നത്തിന് ഓൺലൈൻ പ്ലാറ്റ്ഫോമികളിൽ / GSTIN അംഗീകാരം ലഭ്യമാക്കണം. ആയതിലേയ്ക്ക് പാക്ക് ചെയ്ത ഉല്പന്നത്തിന്റെ അല്ലെങ്കിൽ പാക്കേജിങ്ങിന്റെ എല്ലാ വശങ്ങളിൽ നിന്നുമുള്ള ലൈവ് ഇമേജ് (ചിത്രം) ആവശ്യമാണ്.

4 ) ഉല്പന്നത്തിന് കാറ്റഗറി അംഗീകാരം ലഭ്യമാക്കുക എന്നതാണ് അടുത്ത ഘട്ടം. ആയതിലേയ്ക്ക് താഴെ പറയുന്ന രേഖകൾ ആവശ്യമാണ്.

i) FSSAI (Food Items, Gourmet എന്നിവയ്ക്ക് മാത്രം) പോഷക ഘടകങ്ങളുടെ പരിശോധന നിർബന്ധമാണ്.

ii) FSSAI Declaration (Food Items, Gourmet എന്നിവയ്ക്ക് മാത്രം)

5 ) ഉല്പന്നത്തിന്റെ ബ്രാൻഡും കാറ്റഗറിയുംഓൺലൈൻ പ്ലാറ്റ്ഫോമികളിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഉല്പന്നം ലിസ്റ്റ് ചെയ്യാൻ തയ്യാറായിക്കഴിയും. ഉല്പന്നം ലിസ്റ്റ് ചെയ്യുന്നതിനായി സേവന ദാതാവിന് ഉല്പന്നത്തിന്റെ വെള്ള നിറത്തോടുകൂടിയ പശ്ചാത്തലത്തിലുള്ള ചിത്രവും ആവശ്യമായ വിവരങ്ങളും (സേവനദാതാവ് നല്കുന്ന ചെക്ക് ലിസ്റ്റ് പ്രകാരമുള്ളത്) നല്കണം.

6 ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻ കീഴിലെ വിവിധ ഫാമുകളിലെ ഉല്പന്നങ്ങൾ Online പ്ലാറ്റ്ഫോമുകളിൽ (ആമസോൺ / ഫ്ലിപ്പ് കാർട്ട്) Onboard ചെയ്യുന്നതിന് നേതൃത്വം നല്കിയ Ericom തുടങ്ങിയ സേവനദാതാക്കൾ / ഏജൻസികളുടെ സേവനം കർഷകർ/ കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ/ FPO-കൾ എന്നിവയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

7 ) സൂചന (1 ) ലെ സർക്കുലർ പ്രകാരമുള്ള Online product challenge ന ശേഷം, പുതുതായി Online വിപണനത്തിന് തയ്യാറായി മുന്നോട്ട് വരുന്ന കർഷകർ

/കർഷക ഗ്രൂപ്പുകൾ /കൃഷിക്കൂട്ടങ്ങൾ/ FPO-കൾ എന്നിവയെയും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അനുമതിയോടെ Keralagro brand-ൽ Online വിപണനത്തിന് ഉൾപ്പെടുത്താവുന്നതാണ്.

8 ) ഓൺലൈൻ വില്പനയ്ക്ക് തയ്യാറാക്കിയിട്ടുള്ള/വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ തുടർച്ചയായ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതിന്റെയും, ലീഗൽ മെട്രോളജി വകുപ്പും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ ലൈസൻസുകൾ (ആവശ്യമെങ്കിൽ) നേടിയെടുക്കേണ്ടതിന്റെയും പൂർണ്ണ ഉത്തരവാദിത്വവും, അതാത് കർഷകർ/ കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ / FPO കളിൽ നിക്ഷിപ്തമായിരിക്കും. ആയതിൽ വീഴ്ച വരുത്തുന്നവരുടെ ഉത്പ്പന്നങ്ങളുടെ കേരളാഗ്രോ ബ്രാന്റ് പിൻവലിക്കുന്നതിന് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അധികാരമുണ്ടായിരിക്കും.

9 ) കേരളാഗ്രോ ബ്രാന്റിൽ ഓൺലൈൻ വിപണനത്തിന് തയ്യാറുള്ള കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ / FPO കൾ അതാതു കൃഷിഭവനിലെ കൃഷി ഓഫീസർ/കൃഷി ഫീൽഡ് ഓഫീസറുമായി ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്. ആയതിന്റെ മാതൃക കൃഷി ഡയറക്ടേറ്റിൽ നിന്നും പ്രത്യേകം നൽകുന്നതാണ്.

10 ) പദ്ധതി പ്രകാരം seller അക്കൌണ്ടുകൾ തുടങ്ങുന്നതിനാവശ്യമായ തുക ധാരണാപത്രം ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് മുൻകൂറായി കണക്കാക്കി അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കൃഷി ഡയറക്ടറേറ്റിൽ അറിയിച്ച്, തുക ലഭ്യമാക്കി അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നല്കേണ്ടതാണ്.

11 ) കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ/ FPO-കൾ എന്നിവർ കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസറുമായി ധാരണാപത്രം ഒപ്പ് വെയ്ക്കേണ്ടതും, തുടർന്ന് കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസറിൽ നിന്നും ലഭിക്കുന്ന അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബന്ധപ്പെട്ട സേവന ദാതാവ് /ഏജൻസികൾ മുഖേന Online platform-ൽ ഉല്പന്നങ്ങൾ Onboard ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ പാടുള്ളു. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്.

12 ) ഒരു കർഷകൻ/ കർഷക ഗ്രൂപ്പ് / കൃഷിക്കൂട്ടം/ FPO- കാർഷികോല്പന്നങ്ങൾ Onboard ചെയ്യുന്നതിന് ഒരു Online പ്ലാറ്റ്ഫോമിൽ ഒരു Seller അക്കൌണ്ട് മാത്രം തുടങ്ങിയാൽ മതിയാകും.

13) കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ/ FPO-കൾ ഉല്പന്നങ്ങൾ Online പ്ലാറ്റ്ഫോമിൽ Onboard ചെയ്ത ശേഷം വിവരം അതാത് കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസറെ അറിയിക്കേണ്ടതും (മാതൃക പ്രത്യേകം ചേർത്തിരിക്കുന്നു) ആയത് കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

14 ) ഉല്പന്നങ്ങൾ Onboard ചെയ്ത ശേഷം കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ/ FPO-കൾ Online വിപണനം സംബന്ധിച്ച് കൃഷി ഓഫീസർ/ കൃഷി ഫീൽഡ് ഓഫീസർക്ക് താഴെ പറയുന്ന മാതൃകയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

I/121020/2023

**ഉല്പന്നങ്ങൾ Onboard ചെയ്ത ശേഷം കർഷകർ / കർഷക ഗ്രൂപ്പകൾ/ കൃഷിക്കൂട്ടങ്ങൾ/ FPO-കൾ സമർപ്പിക്കേണ്ട റിപ്പോർട്ട്**

1. Seller അക്കൌണ്ട് holder ടെ പേര്, വിലാസം :
2. ഓൺലൈൻ വിപണനം ആരംഭിച്ച തീയതി :
3. Online platform ന്റെ പേര് :
4. ഉല്പന്നങ്ങളുടെ എണ്ണം (പേര് സഹിതം) :

**പുരോഗതി റിപ്പോർട്ടിന്റെ മാതൃക**

കേരളാഗ്രോ ബ്രാന്റിൽ കർഷകർ/കർഷക ഗ്രൂപ്പകൾ/ കൃഷിക്കൂട്ടങ്ങൾ/FPO-കൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഉൽപ്പന്നങ്ങൾ On board ചെയ്യുന്നത് സംബന്ധിച്ച പുരോഗതി റിപ്പോർട്ട്

(As on .......................................)

**ജില്ല :-** **ശീർഷകം :**

| ഓൺലൈൻ വിപണ നത്തിന് തയ്യാറായവർ | | ഓൺലൈൻ വിപണനത്തിന് ധാരണാ പത്രം ഒപ്പ് വച്ചവർ (എണ്ണം) | ഓൺലൈൻ വിപണനം ആരംഭിച്ചവർ ( എണ്ണം) | | | Seller Account-നുള്ള തുക (ലക്ഷം) | | |
|---|---|---|---|---|---|---|---|---|
| വിഭാഗം | എണ്ണം | | ആമസോൺ | ഫ്ലിപ്കാർട്ട് | ആകെ | ആവശ്യപ്പെട്ടത് | ലഭിച്ചത് | ചിലവഴിച്ചത് |
| a. കർഷകർ | | | | | | | | |
| b. കർഷക ഗ്രൂപ്പകൾ | | | | | | | | |
| c. കൃഷിക്കൂട്ടങ്ങൾ | | | | | | | | |
| d. FPO-കൾ | | | | | | | | |
| ആകെ | | | | | | | | |

(ഒപ്പ്)
പ്രിൻസിപ്പൽകൃഷിഓഫീസർ

15 ) ഓൺലൈൻ വിപണനവുമായി ബന്ധപ്പെട്ട് കർഷകർ/ കർഷക ഗ്രൂപ്പകൾ/ കൃഷിക്കൂട്ടങ്ങൾ/ FPO എന്നിവരിൽ നിന്നുള്ള പരാതികൾ പരിശോധിച്ച് ബ്ലോക്ക്തല-കൃഷി അസിസ്റ്റന്റ് ഡയറക്ടർ തീർപ്പാക്കേണ്ടതാണ്.

16) ഓൺലൈൻ വിപണനം സംബന്ധിച്ച കൃഷിഭവൻതല റിപ്പോർട്ട് കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർമാർ എല്ലാ മാസവും അവസാന ദിവസം ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നല്കേണ്ടതും ആയത് ക്രോഡീകരിച്ച് റിപ്പോർട്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് എല്ലാ മാസവും രണ്ടാം തീയതിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതുമാണ്. (മാതൃക പ്രത്യേകം ചേർത്തിരിക്കുന്നു.)

17 ) ഓൺലൈൻ വിപണനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ ജില്ലാ തല ക്രോഡീകരണം കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) നിർവ്വഹിക്കേണ്ടതും ആയത് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (H ) മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അംഗീകാരത്തോടെ കൃഷി ഡയറക്ടർ ക്ക് directorofmarketingagri@gmail.com എന്ന e-മെയിൽ വിലാസത്തിൽ

സമർപ്പിക്കേണ്ടതുമാണ്.

18 ) കേരളാഗ്രോ ബ്രാന്റിലുള്ള കാർഷികോല്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിന്റെ ജില്ലാ തല നോഡൽ ഓഫീസർ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (H) ആയിരിക്കും.

19) ജില്ലാ തലത്തിൽ കേരളാഗ്രോ ബ്രാന്റിൽ ഓൺലൈൻ വിപണനത്തിന് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുവാൻ തയ്യാറുള്ള FPO-കളുടെ ഉല്പന്നങ്ങൾ Onboard ചെയ്തു എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രോജക്ട് ഡയറക്ടർ (ആത്മ)- ക്കായിരിക്കും.

20) ആയതിന്റെ പുരോഗതി അവലോകനം നടത്തി SFAC മാനേജിംഗ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

21 ) സംസ്ഥാന തലത്തിൽ FPO - കൾ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങളും കേരളാഗ്രോ ബ്രാന്റിൽ വിപണനം നടത്തുന്നതിനായുള്ള നടപടികൾ SFAC മാനേജിംഗ് ഡയറക്ടർ അതാത് പ്രോജക്ട് ഡയറക്ടർ മുഖേന സ്വീകരിക്കേണ്ടതാണ്.

22 ) കാർഷികോല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ Onboard ചെയ്യുന്നതിനാവശ്യമായ seller അക്കൗണ്ട് തുടങ്ങുന്നതിനു മാത്രമാണ് 3000/- രൂപ നിരക്കിൽ കർഷകർ / കർഷക ഗ്രൂപ്പുകൾ / കൃഷിക്കൂട്ടങ്ങൾ/ FPO-കൾക്ക് സഹായം അനുവദിക്കുന്നത്.

23) ഉൽപ്പന്നങ്ങൾ ഓൺബോർഡ് ചെയ്യുന്നതുമായി ബന്ധപെട്ട് ഒരു കർഷകന് / കൃഷിക്കൂട്ടം / കർഷക ഗ്രൂപ്പ് / FPO യ്ക്ക്, Seller Account തുടങ്ങുന്നതിന് 3000/- രൂപ, അഡിഷണൽ കാറ്റഗറി ഉൾപ്പെടുത്തുന്നതിന് 1000/- രൂപ, ഓരോ സ്റ്റോക്ക് കീപ്പിംഗ് യൂണിറ്റിനും (SKU ) 100/- രൂപ, ഓരോ ഉൽപ്പന്നത്തിനും ലേബൽ തയ്യാറാക്കുന്നതിന് 800/- രൂപ, ഒരു ഉൽപ്പന്നത്തിന് 3 എണ്ണം എന്ന തോതിൽ പോസ്റ്റർ തയ്യാറാക്കുന്നതിന് (3x1000) 3000/-രൂപയും, ഓരോവിഭാഗത്തിനും ബാധകമായുമായ GST-യും അനുവദിക്കാവുന്നതാണ്. ഇതിനാവശ്യമായ തുക 2435-00-800-99 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40,00,000/- (നാല്പത് ലക്ഷം രൂപ മാത്രം) രൂപയിൽ നിന്ന് കണ്ടെത്താവുന്നതാണ്. മേല്പറഞ്ഞവയ്ക്കു പുറമെ അധികമായി തയ്യാറക്കുന്ന പോസ്റ്ററുകൾ, ആവശ്യമെങ്കിൽ സെല്ലർ അക്കൗണ്ട് മാനേജ്മന്റ് എന്നിവക്ക് വേണ്ടിവരുന്ന തുക ഗുണഭോക്താവ് സ്വയം വഹിക്കേണ്ടതാണ്.

GEORGE SEBASTIAN
DIRECTOR OF AGRICULTURE i/c

ടു: മാനേജിങ് ഡയറക്ടർ എസ്.എഫ്. എ.സി

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

എല്ലാ ആത്മ പ്രോജക്ട് ഡയറക്ടർമാർക്കും

പകർപ്പ്:

1) എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
2) എല്ലാ നോഡൽ ഓഫീസർമാർക്കും

I/121020/2023

3) സീനിയർ ഫിനാൻസ് ഓഫീസർ

4) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, IT